# തലശ്ശേരി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം
### ഈസ്റ്റർ പരീക്ഷ - 2015

**ക്ലാസ്സ് : V** | **സമയം : 2 മണിക്കൂർ**

**തീയതി : 11-04-2015** | **മാർക്ക് : 70**

---

**പദപ്പെട്ടിയിൽനിന്നും ശരിയായ ഉത്തരം എടുത്തെഴുതുക** 5

ഉയിർപ്പുതിരുനാൾ, പന്തക്കുസ്താ തിരുനാൾ,
പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ, കൂടാരതിരുനാൾ,
സ്വർഗ്ഗാരോഹണതിരുനാൾ

1. വിളവെടുപ്പിന്റെ ആരംഭത്തിൽ ദൈവത്തിന് നന്ദിയർപ്പിക്കാൻ ആഘോഷിച്ചിരുന്ന തിരുനാൾ.
2. തിരുനാളുകളുടെ തിരുനാൾ എന്നറിയപ്പെടുന്ന തിരുനാൾ.
3. തങ്ങളെ സംരക്ഷിക്കുന്ന ദൈവത്തിലുള്ള വിശ്വാസം ഏറ്റുപറയാൻ ആഘോഷിച്ചിരുന്ന തിരുനാൾ.
4. സ്വർഗ്ഗത്തിൽ നമുക്കായി ഇടമൊരുക്കുന്ന ഈശോയെ അനുസ്മരിപ്പിക്കുന്ന തിരുനാൾ.
5. വിളവെടുപ്പ് ആരംഭിച്ചതിന്റെ അമ്പതാം ദിവസം ആഘോഷിച്ചിരുന്ന തിരുനാൾ.

**പേരെഴുതുക** 5

6. 'ദാവീദിന്റെ ഭവനത്തിൽനിന്ന് നീതിമാനായ ഒരു മുളയെ ഞാൻ കിളിർപ്പിക്കും. അവൻ ദേശത്ത് നീതിയും ന്യായവും നടത്തും' എന്ന് പ്രവചിച്ച പ്രവാചകൻ.
7. മിശിഹാ നല്ല ഇടയനാണെന്ന് വിവരിക്കുന്ന പ്രവാചകൻ.
8. ഇമ്മാനുവേൽ പ്രവചനം നടത്തിയ പ്രവാചകൻ.
9. മിശിഹാ യുഗങ്ങൾക്ക് മുൻപേയുള്ളവനാണെന്ന് പ്രവചിച്ച പ്രവാചകൻ.

10. കഴുതക്കുട്ടിയുടെ പുറത്തുകയറി വിനയാന്വിതനായി വരുന്ന രാജാവായി മിശിഹായെ അവതരിപ്പിക്കുന്ന പ്രവാചകൻ.

**എ – ബിയോട് ചേർക്കുക** 5

11. ഹോറബ് – യാക്കോബ്
12. ഹാരാൻ – ജോഷ്വാ
13. ബഥേൽ – മോശ
14. ഈജിപ്ത് – അബ്രാഹം
15. ഗിൽഗാൽ – ജോസഫ്

**ശരിയോ, തെറ്റോ എന്നെഴുതുക** 5

16. സാർവ്വത്രിക സഭയിൽ നേതൃത്വശുശ്രൂഷ നിർവഹിക്കുന്നത് മാർപാപ്പയാണ്.
17. മോശയുടെ പിൻഗാമിയായി ഇസ്രായേലിനെ നയിക്കാൻ ദൈവം അഹറോനെ നിയോഗിച്ചു.
18. ദൈവത്തിനും മനുഷ്യർക്കും പ്രീതികരമായ വിധത്തിൽ ജീവിക്കാൻ കല്പനകൾ നമ്മെ സഹായിക്കുന്നു.
19. ഒരു സമൂഹമെന്ന നിലയിൽ ദൈവം ഇസ്രായേൽക്കാരെയാണ് വഴി നടത്തിയത്.
20. 'മന്നാ'എന്ന വാക്കിന്റെ അർത്ഥം ഭക്ഷണപദാർത്ഥം എന്നാണ്.

**സംഭവങ്ങൾ ക്രമത്തിൽ എഴുതുക** 5

21. എ) ജോസഫിനെ ഈജിപ്തിന്റെ ഗവർണർ ആയി നിയമിച്ചു.
    ബി) അന്യദേശക്കാർ ഈജിപ്തിലെത്തി.
    സി) ജോസഫ് ഫറവോയുടെ സ്വപ്നത്തിന്റെ അർത്ഥം വിശദീകരിച്ചു.
    ഡി) ജോസഫ് അവർക്കെല്ലാം ധാന്യം വിറ്റു.
    ഇ) ക്ഷാമ കാലം വന്നെത്തി.

**ബൈബിൾ ഉദ്ധരണി പൂർത്തിയാക്കുക** 4

22. നിങ്ങൾ പൂർണ്ണഹൃദയത്തോടും....................സേവിക്കുവിൻ.
23. കർത്താവാണ്...................പോകുന്നത്......................ഉണ്ടായിരിക്കും.



**ഉത്തരം എഴുതുക**

24. ദൈവ കല്പനകൾ നമ്മെ സഹായിക്കുന്നതെങ്ങനെ? 2
25. പുതിയ പെസഹായിൽ എന്തിന്റെ ഓർമ്മയാണ് നാം കൊണ്ടാടുന്നത്? 2
26. ആരാണ് സഭാ പ്രബോധകർ? 2
27. വി. ഡോൺ ബോസ്കോയുടെ പുണ്യവചനം എഴുതുക 3
28. ഇസ്രായേലിലെ പുരോഹിതന്മാർക്കുണ്ടായിരുന്ന ഉത്തരവാദിത്വങ്ങൾ എന്തെല്ലാം? 3
29. ദൈവം ഉടമ്പടിയിലൂടെ അബ്രാഹത്തിനു നൽകിയ മൂന്ന് വാഗ്ദാനങ്ങൾ ഏതെല്ലാം? 3
30. വി. ജോൺ ബർക്കുമെൻസ് നമുക്ക് നൽകുന്ന സന്ദേശം എന്ത്? 3
31. പ്രാർത്ഥനയിലൂടെ ദൈവസ്നേഹം അനുഭവിക്കാൻ കഴിയുമെന്ന് വി. ക്ലാരയ്ക്ക് അറിയാമായിരുന്നു. വി. ക്ലാരയുടെ പ്രാർത്ഥനാജീവിതരീതിയും അത് നിങ്ങൾക്ക് നൽകുന്ന പ്രചോദനവും എന്ത്? 4
32. ഏതെല്ലാം കാര്യങ്ങൾക്കുവേണ്ടിയാണ് ഇസ്രായേൽക്കാർ ബലിയർപ്പിച്ചിരുന്നത്? 4
33. തിരുസ്സഭയുടെ കല്പനകൾ എഴുതുക. 5
34. 2015 ആഗോളസഭ എന്ത് വർഷമായിട്ടാണ് ആചരിക്കുന്നത്? ഈ വർഷാചരണത്തിൽ ചൊല്ലാൻ പറ്റുന്ന ഒരു പ്രാർത്ഥന സ്വന്തമായി എഴുതുക. 5
35. ക്രൈസ്തവർ ഞായറാഴ്ച വിശുദ്ധദിനമായി ആചരിക്കുന്നതിന്റെ കാരണമെന്ത്? ഞായറാഴ്ച പരിശുദ്ധമായി നിങ്ങൾ ആചരിക്കുന്നതെങ്ങനെ? 5

---